## കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- ആലപ്പുഴ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. എൻ. കെ. ഹരീഷ് സമർപ്പിച്ച പുനപരിശോധനാ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.1793/2020/തസ്വഭവ തീയതി, തിരുവനന്തപുരം, 30.09.2020

പരാമർശം : 1. 22.04.2019 തീയതിയിലെ സ.ഉ(സാധാ)നം.872/2019/തസ്വഭവ.
2. ശ്രീ. എൻ. കെ. ഹരീഷ് സമർപ്പിച്ച 04.07.2019 തീയതിയിലെ പുനപരിശോധനാ ഹർജി
3. നഗരകാര്യ ഡയറക്ടറുടെ 02.12.2019 തീയതിയിലെ വി1-961/16 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ നഗരസഭിൽ അനധികൃത കശാപ്പുശാലകൾ പ്രവർത്തിക്കുന്നതിൽ നഗരസഭാ അധികൃതരുടെ ഭാഗത്ത് വീഴ്ചയുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ആലപ്പുഴ യൂണിറ്റ് 02.02.14-ൽ നടത്തിയ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിൻ പ്രകാരം ടി നഗരസഭയിലെ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ ഭാഗമായി ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. എൻ. കെ.ഹരീഷിന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫല പ്രാബല്യമില്ലാതെ തടഞ്ഞ് തീർപ്പാക്കി പരാമർശം 1 പ്രകാരം ഉത്തരവായി. പ്രസ്തുത ഉത്തരവ് പുന.പരിശോധിക്കണമെന്ന് ശ്രീ. എൻ. കെ. ഹരീഷ് പരാമർശം 2 പ്രകാരം സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടു കയുണ്ടായി.

**2.** ആലപ്പുഴ നഗരസഭയുടെ അധീനതയിലുള്ള ആറാട്ടുവഴി, വെള്ളക്കിണർ ജംഗ്ഷൻ എന്നിവിടങ്ങളിലെ ഇറച്ചിക്കടകളിൽ വിജിലൻസ് പരിശോധന നടത്തിയത് പ്രകാരം ഇറച്ചി കടകളോട് ചേർന്ന് കശാപ്പുശാലകൾ അനധികൃതമായി പ്രവർത്തിച്ചു വരുന്നതാണെന്നും ഇതിനെതിരെ നഗരസഭാ അധികൃതരുടെ ഭാഗത്തു നിന്നും നടപടികൾ സ്വീകരിക്കാതിരുന്നത് ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ വീഴ്ചയാണെന്നും കണ്ടെത്തിയതിനാലാണ് ശ്രീ. എൻ. കെ. ഹരീഷിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നത്. അനധികൃത കശാപ്പ് തടയുന്നതിന് ബഹു. സുപ്രീം കോടതി നിർദ്ദേശം, ബഹു. മനുഷ്യാവകാശ കമ്മീഷൻ ഉത്തരവുകൾ എന്നിവ പാലിച്ച് ഇറച്ചിക്കടകളിൽ പരിശോധന നടത്തി നഗരസഭാ സെക്രട്ടറിക്ക് റിപ്പോർട്ട്

നൽകിയിട്ടുള്ളതാണെന്നും അനധികൃത കശാപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ എസ്.റ്റി-1004/14 ആയി പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിരുന്നതാണെന്നും ശ്രീ. എൻ.കെ.ഹരീഷ് മറുപടി നൽകിയിരുന്നു. രാവിലെ 6.00 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെയുള്ള സമയത്തും കൂടാതെ സാധാരണ ഗതിയിൽ അനധികൃത കശാപ്പ് നടക്കാനിടയുള്ള പ്രഭാതങ്ങളിലും വൈകുന്നേരങ്ങളിലും ടിയാന് ചുമതലയുണ്ടായിരുന്ന സർക്കിളിൽ അനധികൃത കശാപ്പ്, പൊതുജനങ്ങൾക്ക് അസഹ്യമായ വിധത്തിൽ ഇറച്ചി പ്രദർശനം എന്നിവ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തിയിരുന്നുവെന്നും ടിയാൻ സ്ഥലത്തില്ലാത്ത ഒരു ഒഴിവ് ദിവസം അർദ്ധ രാത്രിയിൽ നടന്ന സംഭവമാണ് കുറ്റാരോപണത്തിൽ സൂചിപ്പിക്കുന്നതെന്നും മറുപടിയിൽ പരാമർശിച്ചിരുന്നു. എന്നാൽ ടിയാന്റെ അധികാര പരിധിയിൽ രാത്രി 2.00 മണിക്ക് അനധികൃത കശാപ്പ് കണ്ടെത്തിയിട്ടുള്ളതിനാൽ ചട്ട പ്രകാരം ചെയ്യേണ്ട കാര്യങ്ങളിൽ വ്യക്തമായ വീഴ്ചകൾ ഉണ്ടായതായി കണ്ടതിനാലാണ് ശ്രീ. എൻ.കെ.ഹരീഷിന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലപ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് അച്ചടക്ക നടപടികൾ തീർപ്പ് കല്പിച്ചിരുന്നത്.

3. ശ്രീ. എൻ. കെ. ഹരീഷിന്റെ അപ്പീൽ അപേക്ഷ പ്രകാരം ടിയാന് ചുമതലയുണ്ടായിരുന്ന സൗത്ത് രണ്ടാം സർക്കിൾ പരിധിയിൽ 02.12.14 ന് അർദ്ധരാത്രി 2.00 മണിക്ക് കശാപ്പ് നടന്നതായി വിജിലൻസ് കണ്ടെത്തിയ ശ്രീ. ഹാലിം എന്നയാളുടെ കട ഉൾപ്പെടെ 14 ഇറച്ചിക്കടകൾക്ക് 2013-14 വർഷത്തേയ്ക്കുള്ള പ്രവർത്തനാനുമതി 2013 ഏപ്രിൽ മാസത്തിൽ തന്നെ നൽകിയിരുന്നതാണ് എന്നും ടിയാൻ ആലപ്പുഴ നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച് കേവലം 50 ദിവസങ്ങൾക്കുള്ളിലാണ് പ്രസ്തുത വിജിലൻസ് പരിശോധന നടന്നതെന്നും അനധികൃത കശാപ്പിനെതിരെ ടിയാൻ മാത്രമാണ് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിരുന്നതെന്നും അപേക്ഷയിൽ വിശദീകരിക്കുന്നു. ടിയാൻ സ്ഥലത്തില്ലാത്ത ദിവസം അർദ്ധരാത്രി 2.00 മണിക്ക് രഹസ്യമായി നടത്തപ്പെട്ട ഒരു കശാപ്പ് തടയുന്നത് സാധ്യമായിരുന്നില്ലെന്നും തന്റെ ജോലി പൂർണ്ണമായ ആത്മാർത്ഥതയോടെ നിർവ്വഹിച്ചിട്ടുള്ളതാണെന്നും ശിക്ഷാനടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

4. നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം, കേരള മുനിസിപ്പാലിറ്റി നിയമം 455-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ കശാപ്പ് നടത്തുവാൻ പാടില്ലാതിരിക്കെ വിജിലൻസ് പരിശോധനയിൽ ആയത് കണ്ടെത്തിയിട്ടുള്ളത് അധികൃതരുടെ വീഴ്ചയും ടി സ്ഥലത്ത് നിയമ വിരുദ്ധമായി കശാപ്പുകൾ നിലനിൽക്കുന്നുവെന്നതിനുള്ള തെളിവുമാണ് എന്നും

ഇതു സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സ്ഥലത്തില്ലാതിരുന്നതും അവധി ദിവസമായിരുന്നതും ചട്ടലംഘനത്തെ നീതീകരിക്കുന്നില്ലായെന്നും എന്നാൽ ടിയാൻ ചാർജ്ജെടുത്ത് 50 ദിവസത്തിനുള്ളിൽ മാത്രം നടന്ന സംഭവമായതിനാൽ പ്രോസിക്യൂഷൻ ഉൾപ്പെടെ ടിയാൻ സ്വീകരിച്ചിട്ടുള്ള കശാപ്പിനെതിരായ നടപടികൾ പരിഗണനാർഹമാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെടുന്നു. ആകയാൽ ശ്രീ. എൻ. കെ. ഹരീഷിനെതിരായ ശിക്ഷാവിധികൾ ടിയാന്റെ അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

5. സർക്കാരും ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എൻ. കെ. ഹരീഷിന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ടിയാൻ ചാർജ്ജെടുത്ത് 50 ദിവസത്തിനുള്ളിൽ മാത്രം നടന്ന സംഭവമായതിനാലും ടിയാൻ സ്ഥലത്തില്ലാത്ത ദിവസം അർദ്ധരാത്രി 2.00 മണിക്ക് രഹസ്യമായി നടത്തപ്പെട്ടതാണ് ഈ കശാപ്പ് എന്നത് പരിഗണിച്ചും. പ്രോസിക്യൂഷൻ ഉൾപ്പെടെ ടിയാൻ സ്വീകരിച്ചിട്ടുള്ള കശാപ്പിനെതിരായ നടപടികൾ പരിഗണനാർഹമാണെന്നതിനാലും ടിയാന്റെ അപ്പീൽ പരിഗണിച്ച് ശ്രീ. എൻ. കെ. ഹരീഷിന് പരാമർശം 1 പ്രകാരം നൽകിയ ശിക്ഷാവിധി ഒഴിവാക്കി അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യു**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. എൻ. കെ. ഹരീഷ്. ഹെൽത്ത് ഇൻസ്പെക്ടർ, ആലപ്പുഴ നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ